(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

മെഡിക്കൽ കോളേജിന്റെയും ഹെൽത്ത് സർവ്വീസിന്റെയും കീഴിലുള്ള ആശുപത്രികളും ഹെൽത്ത് സെന്ററുകളും

547 [802] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജിന്റെയും ഹെൽത്ത് സർവീസിന്റെയും കീഴിൽ എത്ര ആശുപത്രികളും ഹെൽത്ത് സെന്ററുകളും പ്രവർത്തിക്കുന്നു;

(ബി) ആശുപത്രികളിൽ മൊത്തം അനുവദിച്ചിട്ടുള്ള കിടക്കകൾ എത്ര; കിടക്കകളുടെ എണ്ണത്തിലും കവിഞ്ഞ് ഈ സ്ഥാപനങ്ങളിൽ കിടത്തി ചികിൽസിച്ചുവരുന്ന രോഗികൾ എത്ര;

(സി) മേൽ പറഞ്ഞ ആശുപത്രികളിൽ ഡോക്ടർമാർ, നഴ്സുമാർ, നഴ്സിംഗ് അസിസ്റ്റന്റുകൾ, അറ്റൻഡർമാർ, അറ്റൻഡന്റ് ഗ്രേഡ്-1, അറ്റൻഡന്റ് ഗ്രേഡ്-2 എന്നീ തസ്തികകളിൽ ഓരോ ഇനത്തിലും സ്റ്റേറ്റ് ഒട്ടാകെ എത്രപേർ വീതം ഉണ്ട്;

(ഡി) ഈ സംസ്ഥാനത്തിൽ അനുവർത്തിക്കേണ്ട മെഡിക്കൽ കോഡ് അനുസരിച്ച് ചികിൽസിക്കേണ്ട രോഗികളുടെ അനുപാത ക്രമമനുസരിച്ച് ഓരോ തസ്തികകളിലും മുകളിൽ പറയുന്ന ജീവനക്കാരുടെ എണ്ണം എത്ര?

ഉത്തരം

(എ) 1.4.1978-ലെ കണക്കുപ്രകാരം ഡിസ്പെൻസറികൾ ഉൾപ്പെടെ 897 ആരോഗ്യ സ്ഥാപനങ്ങൾ ഉണ്ട്.

(ബി) മേൽപറഞ്ഞ 897 സ്ഥാപനങ്ങളിലായി ആകെ 33,413 കിടക്കകൾ അനുവദിച്ചിട്ടുണ്ട്. കിടക്കകളുടെ എണ്ണത്തിൽ ശരാശരി 10 ശതമാനം കൂടുതൽ രോഗികളെ ചിലപ്പോൾ ആശുപത്രികളിലും മറ്റും പ്രവേശിപ്പിക്കേണ്ടതായി വരുന്നുണ്ട്.

(സി)

ഡോക്ടർമാർ	2809
നഴ്സുമാർ	4771
നഴ്സിംഗ് അസിസ്റ്റന്റ്	3363
അറ്റൻഡർമാർ	482
അറ്റൻഡന്റ് ഗ്രേഡ്-1	1605
അറ്റൻഡന്റ് ഗ്രേഡ്-2	2970

(ഡി) ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നത് അനുവദിക്കപ്പെട്ട കിടക്കകളുടെ അടിസ്ഥാനത്തിലാണ്.

കൊരട്ടി ലെപ്രസി സാനിട്ടോറിയത്തിലെ രോഗികളുടെ നിവേദനം

548 [803] ശ്രീ. എൻ. സുബ്രഹ്മണ്യഷേണായ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ലെപ്രസി സാനിട്ടോറിയത്തിലെ രോഗികളുടെ സഹകരണസംഘം, രോഗികൾക്കാവശ്യമായ ഭക്ഷണ പദാർത്ഥങ്ങൾ സപ്ലൈ ചെയ്യുവാനുള്ള അവകാശം തങ്ങൾക്ക് നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിവേദനം വല്ലതും നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly